**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1956** **20-06-2024 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ ശാക്തീകരണത്തിനും വരുമാന വർദ്ധനവിനും വേണ്ടി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ പ്രതിദിനം ഒരു ഷിഫ്റ്റിൽ 200 കാള / പോത്ത്, 200 പന്നികൾ എന്നിവ കശാപ്പ ചെയ്ത് ഇറച്ചിയാക്കാൻ ശേഷിയുള്ള ഒരു ബൊവൈൻ പ്ലാന്റും ഒരു സ്വൈൻ പ്ലാന്റും പ്രതിദിനം 1500 കോഴികളെ 1 ഷിഫ്റ്റിൽ സംസ്കരിക്കാൻ കഴിയുന്ന ഒരു കോഴി സംസ്കരണ പ്ലാന്റും സ്ഥാപിച്ച പ്രവർത്തിച്ചുവരുന്നു. ഇതിനുപരി ലഭ്യമാകുന്നത്ര ആട്ടുകൾ, താറാവ്, മുയൽ എന്നിവയെയും ഇറച്ചിക്കായി സംസ്കരിക്കുന്നു. കർഷകർ വളർത്തുന്ന ആട്ടുമാട്ടുകൾ, കോഴി, താറാവ്, പന്നി എന്നിവക്കുള്ള മാർക്കറ്റ് അങ്ങനെ എം.പി.ഐ. തുറന്നുകൊടുക്കുന്നു.ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് അവർ വളർത്തുന്ന പക്ഷിമൃഗാദികളെ ന്യായമായ വിലയ്ക്ക് എം.പി.ഐ. ക്കു വിൽക്കാൻ കഴിയുന്നു.<br><br>മൃഗസംരക്ഷണ മേഖലയിലെ ശാക്തീകരണത്തിനും, വരുമാന വർദ്ധനവിനും വേണ്ടിയും കൂടുതൽ കർഷകരെ കോഴിവളർത്തൽ മേഖലയിലേക്ക് കൊണ്ടുവരുന്നതിനുമായി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഇറച്ചി ക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും, അനുബന്ധ ഉൽപ്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി |

| | | | |
|---|---|---|---|
| | | | ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു. അതിനു പുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴി വളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽ നിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതും, കേരള ചിക്കൻ പദ്ധതിക്ക് ആവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും കെപ്കോയിൽ നിന്നും ലഭ്യമാക്കി വരുന്നു. കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽ നിന്നും കർഷകർക്ക് ആവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും, ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകി വരുന്നു. കോഴികൃഷി വ്യാപമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞു, ബ്ലോക്ക് പഞ്ചായത്ത് തല 100 കോഴിയും, കൂടും പദ്ധതി. തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഈ പദ്ധതികൾ തുടർന്നും നടപ്പിലാക്കുന്നതാണ്.<br><br>കെ.വി.എ.എസ്.യു നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 4 ആയി ചേർക്കുന്നു. |
| (ബി) | ഈ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | മൃഗസംരക്ഷണമേഖലയിലെ കർഷകർക്ക് ജീവനോപാധികൾ വിതരണം ചെയ്യുന്ന പദ്ധതികൾ മൃഗസംരക്ഷണവകുപ്പ് നേരിട്ട് നടപ്പിലാക്കുന്നില്ല.<br><br>കർഷകർക്ക് ജീവനോപാധികൾ വിതരണം ചെയ്യുന്നതിന് കെപ്കോ സ്വീകരിച്ചിട്ടുള്ള നടപടികൾ ഉൾക്കൊള്ളുന്ന വിശദമായ കുറിപ്പ് അനുബന്ധം- 1,2 ആയി ഉള്ളടക്കം ചെയ്യുന്നു.<br><br>ജീവനോപാധികൾ നേരിട്ട് വിതരണം ചെയ്യുന്നത് കേരളാ വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മാനദണ്ഡങ്ങളിൽ പെട്ടതല്ല. എന്നിരുന്നാലും സർവ്വകലാശാല ഫാമുകളിൽ നിന്ന് ബുക്കിംഗ് വരുന്ന മുറക്ക് പശു, ആട്, കോഴി, മുയൽ, പന്നി, താറാവ് എന്നിവ തുക നിശ്ചയിച്ച് കർഷകർക്ക് വിതരണം ചെയ്യാറുണ്ട്. കൂടാതെ സർവ്വകലാശാലയുടെ ഫീഡ് മില്ലുകളിൽ നിന്ന് കർഷകർക്ക് കോഴിത്തീറ്റ, കാലിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവ വാങ്ങുന്നതിനുള്ള സൗകര്യമുണ്ട്. കർഷകമിത്ര മരുന്നുഷോപ്പുകളിൽ നിന്ന് കുറഞ്ഞ നിരക്കിൽ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. സർവ്വകലാശാലയുടെ വിവിധ മൃഗാശുപത്രികളുടെ |

| | | | |
|---|---|---|---|
| | | | സേവനവും കർഷകർക്ക് ജീവനോപാധികളുടെ ആരോഗ്യ സംരക്ഷണത്തിന് വേണ്ടി സജ്ജമാക്കിയിട്ടുണ്ട്. |
| (സി) | മൃഗസംരക്ഷണ മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (സി) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ സംരംഭകത വികസന സെൽ സ്ഥാപിക്കാൻ ലക്ഷ്യമിട്ടുന്ന ഈ മേഖലയിലെ പുതുസംരംഭകരെ ആകർഷിക്കുന്നതിനും അവർക്ക് വേണ്ടുന സാങ്കേതിക സഹായങ്ങൾ ഉറ വരുത്തുന്നതിനും പദ്ധതി നടത്തിപ്പിന ആവശ്യമായിട്ടുള്ള സാമ്പത്തിക സഹായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നു ലഭ്യമാക്കുന്നതിനും അതിനാവശ്യമായിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകള തയ്യാറാക്കുന്നതിനും അവശ്യം വേണ്ടുന ലൈസൻസുകൾ, രജിസ്ട്രേഷനുകള തുടങ്ങിയവ വിവിധ സ്ഥാപനങ്ങളിൽ നിന്നു നേടിയെടുക്കുന്നതിന് അവരെ സഹായിക്കുന്നതിനും സംരംഭകത്വ വികസന സെൽ ലക്ഷ്യമിടുന്നു . ഈ മേഖലയിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ വകുപ്പ ക്ഷീരവികസന വകുപ്പ്, വെറ്ററിന സർവ്വകലാശാല മറ്റ് വിവിധ ഏജൻസികള എന്നിവരെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനമാണ് ലക്ഷ്യമിടുന്നത്. നടപ്പ സാമ്പത്തിക വർഷം ഈ പദ്ധത നടത്തിപ്പിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതി നൽകുന്നതിനായി മേൽ പറഞ്ഞ വിവിധ ഏജൻസികളുമായി ചർച്ച നടന്ന വരികയാണ്. 2024-25 സാമ്പത്തിക വർഷ മൃഗസംരക്ഷണ വകുപ്പിനായി സമഗ്ര ഫാ എയ്ഡ് പാക്കേജ് എന്ന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ തുക അനുവദിച്ച് തന്നിട്ടുണ്ട്. പദ്ധതിയ്ക്ക് കീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽകൃഷിയ്ക്ക സഹായം, കാലിത്തീറ്റയ്ക്ക് ധനസഹായം, ഫാ ആധുനികവത്കരണം തുടങ്ങിയ ഘടകങ്ങള ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും.<br><br>മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി വിവിധ ജനോപകാരപ്രദമായ പദ്ധതികൾ കെ എൽ ഡി ബി മുഖേന നടപ്പിലാക്കി വരുന്നു. ദേശീയ കന്നുകാലി മിഷൻ പദ്ധതിയുടെ ഭാഗമായ കോഴി വളർത്തൽ, ആട് വളർത്തൽ, പന്നി |

വളർത്തൽ, തീറ്റപ്പുൽകൃഷി എന്നീ മേഖലകളിൽ വിവിധ സംരംഭകത്വ വികസന പദ്ധതികൾ കെ.എൽ.ഡി.ബോർഡ് വഴി നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളിൽ അംഗമാകുന്ന സംരംഭകർക്ക് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി വിഹിതത്തിന്റെ (capital subsidy) 50% വരെ സബ്സിഡി ലഭിക്കുന്നതാണ്.ദേശീയ കന്നുകാലി മിഷന്റെ ഭാഗമായി ആദ്യ കാലങ്ങളിൽ സബ്സിഡി പരിധി കോഴി വളർത്തലിന് 25 ലക്ഷം രൂപ, ആട് വളർത്തലിന് 50 ലക്ഷം രൂപ, പന്നി വളർത്തലിന് 30 ലക്ഷം രൂപ, തീറ്റപ്പുൽ സംസ്കരണം 50 ലക്ഷം രൂപ എന്ന നിലയ്ക്കാണ് നൽകി വന്നിരുന്നത്. എന്നാൽ കൂടുതൽ സാധാരണ കർഷകരെ ഇതിലേയ്ക്ക് ഗുണഭോക്താക്കളാക്കുക എന്ന ലക്ഷ്യത്തോടെ 28/12/2022 മുതൽ ആടിനും പന്നിയ്ക്കും താഴെപ്പറയുന്ന രീതിയിൽ സബ്സിഡിയുടെ പരിധി ലഘൂകരിച്ച് നിജപ്പെടുത്തിയിട്ടുണ്ട്.

<u>ആട് വളർത്തൽ സബ്സിഡി (maximum)</u>

100 പെണ്ണാട് 5 മുട്ടനാട് - 10 ലക്ഷം രൂപ
200 പെണ്ണാട് 10 മുട്ടനാട് - 20 ലക്ഷം രൂപ
300 പെണ്ണാട് 15 മുട്ടനാട് - 30 ലക്ഷം രൂപ
400 പെണ്ണാട് 20 മുട്ടനാട് - 40 ലക്ഷം രൂപ
500 പെണ്ണാട് 25 മുട്ടനാട് - 50 ലക്ഷം രൂപ

<u>പന്നി വളർത്തൽ</u>

50 പെൺ പന്നി 5 ആൺ പന്നി - 15 ലക്ഷം രൂപ

100 പെൺ പന്നി 10 ആൺ പന്നി - 30 ലക്ഷം രൂപ

പുതു സംരംഭകർക്ക് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി വിഹിതത്തിന്റെ (capital subsidy) 50% വരെ സബ്സിഡി ലഭിക്കുന്നതാണ്. കെ.എൽ.ഡി ബോർഡും മൃഗസംരക്ഷണവകുപ്പും ചേർന്ന് സംയുക്തമായാണ് പുതുസംരംഭകരെ തെരെഞ്ഞെടുക്കുന്നത്. പ്രസ്തുത പദ്ധതിയിലൂടെ രോഗമുക്തമായതും മികച്ച ഉൽപ്പാദന ശേഷിയുള്ളതുമായ കോഴി, ആട്, പന്നി എന്നിവയെ കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്.

മൃഗസംരക്ഷണ മേഖലയിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വികസന

| | | | |
|---|---|---|---|
| | | | വകുപ്പുകളുമായി ചേർന്ന് സ്വയം തൊഴിൽ പദ്ധതി എന്ന നിലയിൽ എം.പി.ഐ. യുടെ മീറ് ഷോപ്പുകൾ സ്ഥാപിച്ചു നൽകിവരുന്നു. ഇറച്ചിവില്പനയ്ക്കായി ഫ്രാഞ്ചൈസി സമ്പ്രദായം ഏർപ്പെടുത്തുന്ന നടപടികൾ തുടങ്ങിയിട്ടുണ്ട്.<br><br>കെപ്കോ നൽകി വരുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-1,2 ആയി ഉള്ളടക്കം ചെയ്യുന്നു.<br><br>കെ.വി.എ.എസ്.യു സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന സഹായങ്ങൾ അനുബന്ധം 5 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | കർഷകർക്ക് മൃഗസംരക്ഷണ മേഖലയെ പ്രധാന വരുമാനമാർഗമാക്കി വളർത്തിയെടുക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ? | (ഡി) | കർഷകർക്കായി നടപ്പിലാക്കുന്ന ഒരു നൂതന പദ്ധതിയാണ് സമഗ്ര ഫാം എയിഡ് പാക്കേജ് പദ്ധതി . 10 മുതൽ 20 പശുക്കളുള്ള ഇടത്തരം ഡയറി ഫാമുകൾക്കാണ് ഈ പദ്ധതിയിലൂടെ സഹായം ലഭ്യമാകുക. 45 ലക്ഷം രൂപയാണ് നടപ്പ് സാമ്പത്തിക വർഷം ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയിലൂടെ ഒരു ഫാമിന് ഒരു ലക്ഷം രൂപയോളം ധനസഹായം ലഭിക്കും. സമഗ്ര ഫാം എയിഡ് പാക്കേജ് പദ്ധതിയ്ക്ക് കീഴിൽ ആരോഗ്യ പരിരക്ഷ ,തീറ്റപ്പുൽ കൃഷിയ്ക്ക് സഹായം , കാലിത്തീറ്റയ്ക്ക് ധനസഹായം , ഫാം ആധുനികവത്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും . സമഗ്രഫാം എയിഡ് പാക്കേജ് പദ്ധതി നടപ്പിലാക്കുക വഴി തുടക്കമെന്ന നിലയിൽ സംസ്ഥാനത്തുള്ള 45 ഇടത്തരം ഡയറി ഫാമുകൾക്ക് ആവശ്യമായി ട്ടുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാകും .<br><br>സംരംഭകത്വ വികസന സെൽ എന്ന പദ്ധതി നടപ്പിലാകുന്നതോടെ കൂടുതൽ സംരംഭകർ മൃഗസംരക്ഷണ മേഖലയിലേയ്ക്ക് കടന്ന് വരാനും അവരെ ഈ മേഖലയിൽ നിലനിർത്തുന്നതിനാവശ്യമായ സഹായങ്ങൾ ചെയ്ത് നല്കാവാനും സാധിക്കും .<br><br>കർഷകർക്ക് ഇടനിലക്കാരെ ഒഴിവാക്കി അവരുടെ ആട്ടമാട്ടുകളെ വിൽക്കാനുള്ള വേദി എന്ന നിലയിൽ എം.പി.ഐ.പ്രവർത്തിക്കുന്നതുകൊണ്ട് അവർക്ക് ന്യായമായ വില ലഭ്യമാകുന്നു.<br><br>മേൽ സംരംഭകങ്ങൾ വഴി കർഷകർക്ക് ഒരു വരുമാനമാർഗ്ഗം സൃഷ്ടിച്ച് നൽകാൻ കെപ്കോക്ക് |

| | | | |
|---|---|---|---|
| | | | സാധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1,2 ആയി ഉള്ളടക്കം ചെയ്യുന്നു.<br><br>കർഷകർക്ക് വേണ്ട സാങ്കേതിക പരിശീലനങ്ങൾ KVASU നൽകിവരുന്നുണ്ട്. കൂടാതെ സർവ്വകലാശാലയുടെ വിവിധ സെന്ററുകൾ വഴി വിവിധ പ്ലാൻ, പ്ലാനിതര പദ്ധതികളിലൂടെ കർഷകർക്കാവശ്യമായ എല്ലാ സഹായങ്ങളും നൽകുന്നു. കർഷകർക്ക് വരുമാനം വർധിപ്പിക്കുന്നതിനുള്ള ഗവേഷണങ്ങൾ, കാലാവസ്ഥ വ്യതിയാനം മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനുള്ള പ്രത്യേക ഗവേഷണങ്ങൾ, അതോടൊപ്പം കോഴി, താറാവ് എന്നിവയിലെ പുതിയ ഇനങ്ങളെ ഉരുത്തിരിച്ചെടുക്കൽ, പശുവിന്റെ പാൽ ഉത്പാദന വർധനവിനുള്ള പ്രവർത്തനങ്ങൾ, പാൽ, മാംസം, മുട്ട എന്നിവ ഉപയോഗിച്ച് കൊണ്ടുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഗവേഷണം അതിനോടനുബന്ധിച്ചിട്ടുള്ള പരിശീലനം മുതലായവ നൽകിവരുന്നു. മാത്രമല്ല കർഷകർ ആവശ്യപ്പെടുന്ന മുറക്ക് സാങ്കേതിക പിന്തുണയും സർവ്വകലാശാല നൽകി വരുന്നു.<br><br>കർഷകർക്ക് മൃഗസംരക്ഷണ മേഖലയെ പ്രധാന വരുമാനമാർഗമാക്കി വളർത്തിയെടുക്കുന്നതിന് കെ.എഫ്.എൽ നൽകുന്ന സഹായങ്ങൾ അനുബന്ധം 6 ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം –1
## കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നം | പദ്ധതിയുടെ പേര് | പദ്ധതിയുടെ വിശദാംശങ്ങൾ |
|---|---|---|
| 1 | കെപ്കോ ആശ്രയ | തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ വിധവകൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴികൾ, 3 കിലോതീറ്റ, മരുന്ന് എന്നിവ സൌജന്യമായി വിതരണം ചെയ്യുന്നു |
| 2 | കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് | സംസ്ഥാനത്തെ ഗവണ്മെന്റ് /എയ്ഡഡ് സ്കൂളിലെ യു.പി വിഭാഗത്തിൽപ്പെട്ട 6,7 ക്ലാസു കളിലെ വിദ്യാർത്ഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽപ്പെട്ട 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കും 5 കോഴിയും, 1 കിലോ തീറ്റ, മരുന്ന് എന്നിവ വിതരണം ചെയ്യുന്നു. |
| 3 | 100 കോഴിയും, കൂടും പദ്ധതി (ബ്ലോക്ക് പഞ്ചായത്ത് തല പദ്ധതി) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന ബ്ലോക്ക് പഞ്ചായത്ത്കളിലെ ജെ.എൽ.ജി ഗ്രൂപ്പുകളിൽ അംഗമായിട്ടുള്ള ഗുണഭോക്താവിന് 120 ദിവസം പ്രായമായ ബി.വി–380 ഇനത്തിൽ പ്പെട്ട 100 കോഴിയും, 100 കോഴികളെ പാർപ്പിക്കാനുള്ള ഒരു ഹൈടെക് കൂടും ആണ് നൽകുന്നത്. |
| 4 | കെപ്കോ വനിതാമിത്രം | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത്കളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും 750 വനിതാ ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഒരു ഗുണഭോക്താവിന് 10 കോഴി, 3 കിലോതീറ്റ മരുന്ന് എന്നിവയാണ് നൽകുന്നത്. |
| 5 | കോൺട്രാക്ട്– കുടുംബശ്രീ ഇറച്ചിക്കോഴിവളർത്തൽ പദ്ധതി | കെപ്കോ ഉൽപ്പാദിപ്പിക്കുന്ന ഇറച്ചി ക്കോഴിക്കുഞ്ഞുങ്ങളെ 35 രൂപ നിരക്കുകളിൽ കോൺട്രാക്ട്, കുടുംബശ്രീ യൂണിറ്റുകളിലെ കർഷകർക്ക് നൽകുന്നു. കോഴികൾക്ക് 45 ദിവസം പ്രായമാകുമ്പോൾ കിലോഗ്രാമിന് 102/– രൂപ നിരക്കിൽ വില നൽകി കെപ്കോ തന്നെ തിരിച്ചെടുക്കുന്ന പദ്ധതിയിലൂടെ കർഷകർക്ക് ഗണ്യമായ സാമ്പത്തികനേട്ടം ഉണ്ടാക്കാൻ കഴിയും |
| 6 | മുട്ടക്കോഴി വളർത്തൽ ഇന്റഗ്രേഷൻ പദ്ധതി | മുട്ടക്കോഴി വളർത്തൽ ഇന്റഗ്രേഷൻ പദ്ധതി ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |

KERALA STATE POULTRY DEVELOPMENT CORP. Regd. Office Pettah Trivandrum

## അനുബന്ധം 3

**1.സമഗ്ര ഫാം എയ്ഡ് പാക്കേജ് പദ്ധതി**

2024-25സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിനായി സമഗ്ര ഫാം എയ്ഡ് പാക്കേജ് എന്ന പദ്ധതിയ്ക്ക് ബഡ്ജറ്റിൽ തുക അനുവദിച്ച് തന്നിട്ടുണ്ട്.പദ്ധതിയ്ക്ക് കീഴിൽ ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽ കൃഷിയ്ക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധന സഹായം, ഫാം ആധുനിക വത്കരണം തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 4 5 ഇടത്തരം ഡയറി ഫാമുകൾക്ക് (10 മുതൽ 2 0 പശുക്കൾ വരെ ഉള്ളവ) പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. ഒരു ഫാമിന് ഒരു ലക്ഷം രൂപ വരെ പദ്ധതിയുടെ കീഴിൽ ആനുകൂല്യം ലഭിക്കും. 2024-25 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 4 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**2. ഗോവർദ്ധിനി പദ്ധതി**

കന്നുകുട്ടികളുടെ ശാസ്ത്രീയപരിപാലനം ലക്ഷ്യമിട്ട് ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കിവരുന്നു. 2024-25 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 4 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 3 . **3. ഗോസമൃദ്ധി - സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി-** കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവ് മൂലം ഉണ്ടാകുന്ന നഷ്ടത്തിൽ നിന്നുള്ള പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി . 2024-25 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**4. വാസ സ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗ ചികിത്സ സേവനം പദ്ധതി**

വൈകിട്ട് 6 മണി മുതൽ പിറ്റേന്ന് രാവിലെ ആറ് മണി വരെയുള്ള സമയം കർഷകർക്ക് അവരുടെ വീട്ടു പടിക്കൽ തന്നെ മൃഗ ചികിത്സ സേവനം ലഭ്യമാക്കുന്ന പദ്ധതി . 2024-25 സാമ്പത്തിക വർഷം പദ്ധതിയ്ക്കായി ബഡ്ജറ്റിൽ 1700.44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**5. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ**

കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ എന്ന പദ്ധതിയുടെ കീഴിൽ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സംസ്ഥാനത്തു പ്രവർത്തിച്ചു വരുന്നു . 13 ജില്ലകളിലെ 2 ബ്ലോക്കുകൾ വീതവും ഇടുക്കി ജില്ലയിലെ മൂന്ന് ബ്ലോക്കുകളിലുമായാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നത് . ഇവയെ നിയന്ത്രിക്കാനായി ഒരു കേന്ദ്രീകൃത കാൾ സെന്റർ സംവിധാനവും പ്രവർത്തിച്ചു വരുന്നു. "1962" എന്ന ടോൾ ഫ്രീ നമ്പർ മുഖേന കാൾ സെന്ററിൽ

ബന്ധപ്പെടാവുന്നതാണ് .

# അനുബന്ധം -2
# കെപ്കോ ഇന്റഗ്രേഷൻ

സംസ്ഥാന സർക്കാർ സംരംഭമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ സ്വന്തമായി ആവിഷ്കരിച്ച നടപ്പാക്കുന്ന പദ്ധതിയാണ് ഇന്റഗ്രേഷൻ. പരിമിതമായ മൂലധനം മുടക്കി വലിയ നേട്ടമുണ്ടാക്കാൻ പര്യാപ്തമായ പദ്ധതിയാണിത്. മുട്ടക്കോഴി വളർത്തലാണ് ഇന്റഗ്രേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**കർഷകർ ചെയ്യേണ്ടത്**

ഇന്റഗ്രേഷൻ പദ്ധതി പ്രകാരം താഴെപ്പറയുന്നവ കർഷകർ തയ്യാറാക്കണം. കോഴിവളർത്തലിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ സ്ഥലം, ഷെഡ്, തീറ്റപാത്രം, വെള്ളപ്പാത്രം, വൈദ്യുതി, ശുദ്ധജലം, ഷെഡ്ഡിൽ വിരിക്കാനുള്ള മരപ്പൊടി (ലിറ്റർ).

- മുട്ടക്കോഴിക്ക് 0.5 ചതുരശ്ര അടി സ്ഥലം ആവശ്യമാണ് ചുരുങ്ങിയത് 2000 ചതുരശ്ര അടി വിസ്തീർണ്ണം ഷെഡിന് ഉണ്ടായിരിക്കണം, ഷെഡ് നിർമ്മാണത്തിനും മറ്റും ഈ സ്ഥാപനത്തിൽ നിന്നും ധനസഹായം, ലോൺ എന്നിവ ലഭിക്കുന്നതല്ല.
- 2000 കോഴികളെ ഒരേ സമയം വളർത്തുന്നതിന് ചെറിയ 40 വെള്ളപ്പാത്രവും, 40 തീറ്റപ്പാത്രവും ആവശ്യമാണ്. പുറമേ 60 വലിയ തീറ്റപ്പാത്രവും, 60 വലിയ വെള്ളപ്പാത്രവും വേണം.
- കോഴി വളർത്തുന്നതിന് ആവശ്യമായ ലൈസൻസ്, അനുമതി പത്രം, തുടങ്ങിയവ, മലിനീകരണ ബോർഡ്/ കോർപ്പറേഷൻ/ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും കർഷകർ ലഭ്യമാക്കേണ്ടതാണ്.
- മേൽപ്പറഞ്ഞ തയ്യാറെടുപ്പുകൾ പൂർത്തിയാക്കിയതിനു ശേഷം ഇന്റഗ്രേഷൻ ഫാം അനുവദിക്കുന്നതിനു വേണ്ടി മാനേജിംഗ് ഡയറക്ടറുടെ പേരിൽ അപേക്ഷ നൽകേണ്ടതാണ്. തുടർന്ന് ഈ ഓഫീസിൽ നിന്നും വെറ്ററിനറി ഡോക്ടർമാർ/ സൂപ്പർവൈസർമാർ ഫാമിന്റെ സജ്ജീകരണങ്ങൾ പരിശോധിക്കുന്നതും പരിശോധനയുടെ അടിസ്ഥാനത്തിൽ ഇന്റഗ്രേഷൻ ഫാം അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതുമാണ്.
- ഇന്റഗ്രേഷൻ പദ്ധതി പ്രകാരം കോഴിവളർത്തൽ നടത്തുന്നതിന് കർഷകർ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനുമായി 200 രൂപ മുദ്രപ്പത്രത്തിൽ ഒരു കരാർ ഒപ്പിടേണ്ടതാണ്.
- ഫാമിൽ കോഴിത്തീറ്റ കൊണ്ട് വരുന്ന വലിയ വാഹനം എത്തിച്ചേരുന്നതിന് റോഡ് സൗകര്യം ഉണ്ടായിരിക്കണം.

**കെപ്കോ ചെയ്യുന്നത്**

മേൽപ്പറഞ്ഞ സജ്ജീകരണങ്ങൾ പൂർത്തിയായാൽ താഴെപ്പറയുന്നവ പൗൾട്രി വികസന കോർപ്പറേഷൻ സൌജന്യമായി നൽകുന്നതാണ്.

- സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ സ്വന്തം ഫാമുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങൾ.
- പൗൾട്രി വികസന കോർപ്പറേഷന്റെ സ്വന്തം ഫാക്ടറികളിൽ ഉൽപ്പാദിപ്പിച്ച കോഴിത്തീറ്റ
- ആവശ്യമായ മരുന്നുകൾ
- വെറ്ററിനറി ഡോക്ടർമാരും, ഇന്റഗ്രേഷൻ സൂപ്പർവൈസർമാരും യഥാസമയം ഫാം സന്ദർശിച്ച് കോഴികളുടെ ആരോഗ്യ സ്ഥിതി, വളർച്ച എന്നിവ വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗ-പരിപാലന നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നതാണ്.

**കർഷകനു ലഭിക്കുന്ന നേട്ടം**

കോഴികൾക്ക് 40-45 ദിവസം വളർച്ചയെത്തുമ്പോൾ കോഴികളെ കോർപ്പറേഷൻ തന്നെ തിരിച്ചെടുക്കുകയും കർഷകർക്ക് താഴെപ്പറയുന്ന പ്രകാരമുള്ള നേട്ടം ലഭിക്കുകയും ചെയ്യുന്നു.

KERALA STATE POULTRY DEVELOPMENT CORPORATION LTD. Regd. Office Pettah Trivandrum

<u>അനുബന്ധം 4</u>

പാൽ, മാംസം, മുട്ട എന്നിവയുടെ ഉത്പാദന വർദ്ധനവിനും മൂല്യ വർദ്ധനവിനും ഗവേഷണങ്ങളിലൂന്നിയ പ്രവർത്തനങ്ങളും ശാസ്ത്രീയ അറിവുകൾ സമൂഹത്തിലെത്തിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു.

 തൃശ്ശൂർ, വയനാട് എന്നീ രണ്ട് ജില്ലകൾ ഉൾക്കൊള്ളുന്ന പദ്ധതി 2021-22 പ്രകാരം സംരംഭകത്വ ഡയറക്ടറേറ്റ് ക്ഷീര സമൃദ്ധി എന്ന പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. പാലുൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തിനു പുറത്തുനിന്നുള്ള മൃഗങ്ങളെ ആശ്രയിക്കുന്നത് കുറക്കുന്നതിനും കർഷകർക്ക് ആരോഗ്യമുള്ളതും രോഗപ്രതിരോധ ശേഷിയുള്ളതും ഉയർന്ന ഉത്പാദനക്ഷമതയുള്ള വിളവ് നൽകുന്നതുമായ പ്രാദേശിക പശുക്കളെ പ്രചരിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. അങ്ങനെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് മൃഗങ്ങളെവാങ്ങുന്നതിന് ചിലവഴിക്കുന്ന പണം സംസ്ഥാനത്തെ നിലവിലുള്ള കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിന് ഫല പ്രദമായി തിരിച്ചുവിടാനാകും.

 തൃശ്ശൂർ ജില്ലയിലെ വാണിയമ്പാറ മേഖലയിൽ പട്ടിക വർഗ്ഗക്കാർക്കായി പാൽ ഉത്പന്ന വികസന യൂണിറ്റ് കൈമാറി.

 ക്ഷീരവികസന വകുപ്പുമായി സഹകരിച്ച് ജില്ലാ ക്ഷീരസംഗമത്തിൽ കർഷകരുടെ കണ്ടുപിടുത്തങ്ങളും നൂതന ആശയങ്ങളും അവതരിപ്പിക്കുന്ന നാട്ടിലെ ശാസ്ത്രം പദ്ധതി നടപ്പിലാക്കുന്നു.

 സംസ്ഥാനത്ത് ഇറച്ചിക്കോഴി വിലയുടെ ഏറ്റക്കുറച്ചിലുകൾ കണക്കിലെടുത്ത് അടുക്കളമുറ്റത്തു മാലിന്യങ്ങളിൽ നിന്നുണ്ടാവുന്ന ചെറു ലാർവകളെ ഉപയോഗിച്ച് അടുക്കളമുറ്റത്തെ ഇറച്ചിക്കോഴി സാധ്യതയെ കുറിച്ച് മനസിലാക്കാൻ പ്രതീക്ഷ എന്ന പേരിൽ ഒരു പരീക്ഷണ പദ്ധതി സർവകലാശാല ആരംഭിച്ചിട്ടുണ്ട്. പദ്ധതി കാലയളവിനു ശേഷം കേരളത്തിലെ മുഴുവൻ കർഷകർക്കും നടപ്പിലാക്കാവുന്ന രീതിയിലുള്ള മാതൃക പദ്ധതിയായി ഇത് മാറ്റാവുന്നതാണ്.

 ആട്, മുയൽ, പന്നി വളർത്തൽ ഉൾപ്പെടെയുള്ള ചെറിയ വളർത്തുമൃഗ കർഷകരുടെ ഉന്നമനത്തിനായി സർവ്വകലാശാല സ്പർശം പദ്ധതി നടപ്പിലാക്കുന്നു

 ഓമനപക്ഷി വളർത്തൽ, വ്യാവസായിക അടിസ്ഥാനത്തിൽ നായ്ക്കളുടെ ബ്രീഡിംഗ്, പരിശീലനം, ഫാം ടൂറിസം, എന്നീ വിഷയങ്ങളിൽ ആവശ്യക്കാർക്ക് പരിശീലനം നൽകാനുള്ള സാങ്കേതിക വിദ്യയും വിദഗ്ധരും സർവകലാശാലയിൽ ലഭ്യമാണ്. കർഷകർക്കും സംരംഭകർക്കും മൃഗസംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർക്കും സമാന രീതിയിലുള്ള വിവിധ പരിശീലന പദ്ധതികൾ സർവകലാശാല നടപ്പിലാക്കി വരുന്നുണ്ട്.

## അനുബന്ധം 5

വിവിധ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ സംരംഭകത്വ ശീലം വളർത്താനും വിവിധ വിജയകരമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും അത് നല്ല രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിനും അതിൽ വരുമാനം കണ്ടെത്തുന്നതിനും വേണ്ടി സംരംഭകത്വ ഡയറക്ടറേറ്റ് തന്നെ സർവ്വകലാശാലയിൽ നിലവിലുണ്ട്. കൂടാതെ സംരംഭകത്വ ഡയറക്ടറേറ്റിന്റെ കീഴിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററും പ്രവർത്തിക്കുന്നുണ്ട്.

ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററിന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ പുതു സംരംഭകർക്കായി ഐഡിവിഷൻ പ്രോഗ്രാമുകൾ നടത്തുന്നു. നൂതന ആശയങ്ങൾ ലഭിക്കുന്നതിനും അത് മാർക്കറ്റിങ്ങ് തലത്തിൽ എത്തിക്കുന്നതിനും വേണ്ട ഇൻക്യുബേഷൻ സൗകര്യങ്ങളും ബിസിനസ് ഇൻക്യുബേഷൻ സെന്റർ ഒരുക്കുന്നു. കൂടാതെ നവീന ആശയങ്ങൾക്ക് എല്ലാ വിധ സാങ്കേതിക ശാസ്ത്രീയ സഹായവും സർവ്വകലാശാല നൽകുന്നുണ്ട്. അതിനുവേണ്ടി സർവ്വകലാശാല മറ്റു വിവിധ സാങ്കേതിക സ്ഥാപനങ്ങൾ, മറ്റ് സമാന സർക്കാർ സർക്കാരിതര വകുപ്പുകൾ, സംഘടനകൾ, ഏജൻസികൾ എന്നിവരെയെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നു. കൂടാതെ IEDC സെന്ററുകൾ ഓരോ കോളേജുകളിലും യൂണിവേഴ്സിറ്റി തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ യംഗ് ഇന്നവേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി സ്റ്റാർട്ട് അപ്പ് മിഷന് ഒപ്പം ചേർന്ന് സംരംഭകർക്ക് വേണ്ട സഹായങ്ങൾ എല്ലാം ചെയ്യുന്നതിനുള്ള സൗകര്യവും ലഭ്യമാണ്.

കേരളത്തിലെ മൃഗസംരക്ഷണ അനുബന്ധ മേഖലയിലും ഭക്ഷ്യ ഉത്പാദനത്തിനും പോഷക സുരക്ഷക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വ്യാവസായിക അടിസ്ഥാനത്തിൽ പുനരുത്പാദനം, അനന്തരോത്പാദനം എന്നീ മേഖലയിലും സംരംഭകർക്ക് അനന്ത സാധ്യതകളാണ് ഉള്ളത് അത്തരം സാധ്യതകളിൽ പുതിയ മേഖലകൾ കണ്ടെത്തി എന്റർപ്രണർഷിപ്പ് സെന്ററുകളിലൂടെ ആധുനിക സാങ്കേതിക വിദ്യയിലൂന്നി സംരംഭകർക്കും കർഷകർക്കും സഹായമേകുന്നതു വഴി മേഖലയുടെ സമഗ്രവികസനം സാധ്യമാകും. അതോടൊപ്പം തൊഴിലില്ലാത്തവർ തൊഴിലന്വേഷകർ എന്ന നിലയിൽ നിന്ന് മാറി തൊഴിൽ ദാതാക്കൾ ആകാനുള്ള അവസരം ലഭിക്കുന്നു. കൂടാതെ ഒരുപാട് തൊഴിലവസരങ്ങൾ ഈ മേഖലയിൽ സൃഷ്ടിക്കാനും സാധിക്കും. കൂടാതെ കേരളത്തിൽ പാൽ, മുട്ട, മാംസാതിഷ്ഠിത മൂല്യ വർധിത ഉത്പന്നങ്ങൾക്കുള്ള വിപണി സാധ്യത കൂടി മനസിലാക്കി പുതിയ ആശയങ്ങൾ കൊണ്ടുവന്ന് ഭക്ഷ്യ മേഖലയിലും പോഷക സുരക്ഷ മേഖലയിലും പുതിയ സംരംഭങ്ങൾ സൃഷ്ടിക്കാനും അതുവഴി ഭക്ഷ്യ സുരക്ഷ പോഷക സുരക്ഷ എന്ന ലക്ഷ്യം കൈവരിക്കാനും സാധിക്കും.

ഇതുകൂടാതെ Farmers Producing Organizations രൂപീകരിച്ച് അവക്ക് എല്ലാ സാങ്കേതിക സഹായങ്ങളും നൽകി ഉത്പന്ന നിർമാണത്തിൽ ചെറുകിട മുതൽ വൻകിട വ്യവസായ യൂണിറ്റുകൾ ആക്കി മാറ്റുന്നതുവരെയുള്ള സാങ്കേതിക സഹായവും പിന്തുണയും നൽകാൻ സർവ്വകലാശാലയുടെ ഇത്തരം പ്രവർത്തനം കൊണ്ട് സാധ്യമാ

വിശദമാക്കാമോ?

അനുബന്ധം

(ഉ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഒരു പൊതു മേഖല സ്ഥാപനമാണ് കേരള ഫീഡ്സ്‌ലിമിറ്റഡ്. കേരളത്തിലെ ക്ഷീരകർഷക സമൂഹത്തോട് എന്നും പ്രതിബന്ധത പുലർത്തുന്ന കേരള ഫീഡ്സ് ഏറ്റവും ഗുണമേന്മയാർന്ന ഉത്പന്നങ്ങൾ ഏറ്റവും ന്യായമായ വിലയിൽ ആണ് വിപണിയിൽ എത്തിക്കുന്നത്.

ഡയറി ഫാമിംഗ് ചെലവ് ക്രമീകരിച്ച് നടത്തുന്നതിന് ശാസ്ത്രീയമായ ഫീഡിങ്ങിനെ കുറിച്ചുള്ള അവബോധന ക്ലാസ്സുകൾ കേരള ഫീഡ്സിന്റെ നേതൃത്വത്തിൽ മൃഗസംരക്ഷണ വകുപ്പും, ക്ഷീരവികന വകുപ്പും, മിൽമയും, കെ.എൽ.ഡിബോർഡുമായി യോജിച്ചു കൊണ്ട് സംസ്ഥാന അടിസ്ഥാനത്തിൽ വിവിധ നിയോജക മണ്ഡലങ്ങളിൽ പ്രോഗ്രാം നടത്തി വരികയാണ്.

ഇതു കൂടാതെ ഡയറി ഫാമിംഗ് ഗുണപ്രദമായ രീതിൽ നടത്താനും, പ്രോഡക്റ്റിവിറ്റി കൂടാനും, ബ്രീഡിങ് മുതൽ ഫീഡിങ് വരെ പ്രാധാന്യം നൽകി വിവിധ തരത്തിലുള്ള സെമിനാറുകൾ കേരള ഫീഡിസിന്റെ അനിമൽ ന്യൂട്രീഷ്യനിസ്റ്റിന്റെ നേതൃത്വത്തിൽ വിവിധ പഞ്ചായത്തുകളിലും, ബ്ലോക്കുകളിലും നടത്തി വരികയാണ്.

ശാസ്ത്രീയ തീറ്റക്രമത്തിന്റെ പ്രസക്തി ക്ഷീരകർഷകരിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മൃഗസംരക്ഷണ, ക്ഷീരവികസനവകുപ്പുകളിലെ ജില്ലാ തല മേധാവികളെയും, കെ.എൽ.ഡി.ബി, മിൽമ മേധാവികളെയും ഉൾപ്പെടുത്തിക്കൊണ്ട് "A Colloquium on Life Cycle Feeding Pattern for Sustainable Dairy Cattle Farming in Kerala" കേരള ഫീഡ്സ് സംഘടിപ്പിക്കുകയുണ്ടായി.

2023-24 സാമ്പത്തിക വർഷത്തിൽ കേരള ഫീഡ്സ് 2,01,371.826 മെട്രിക് ടൺ കാലിത്തീറ്റ ഉല്പാദിപ്പിച്ച് വിതരണം നടത്തി.

2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ, കേരളത്തിലെ ക്ഷീരകർഷകർക്ക് വിലക്കുറവിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നൽകുന്നതിലേയ്ക്കായി അനുവദിച്ച ധനസഹായം ഉപയോഗിച്ച് ക്ഷീരകർഷകർക്ക്, 71,430 മെട്രിക് ടൺ കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുവാൻ കേരള ഫീഡ്സിനു സാധിച്ചു.

മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുമായി സഹകരിച്ചു കൊണ്ട് 2023-24 സാമ്പത്തിക വർഷത്തിൽ 22,185.911 മെട്രിക് ടൺ കാലിത്തീറ്റ വിവിധ ജനകീയാസൂത്രണ പദ്ധതികൾ പ്രകാരം സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ചു കൊണ്ട് 2023-24 സാമ്പത്തിക വർഷത്തിൽ 20,701 മെട്രിക് ടൺ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (SLBP) പ്രകാരം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്തിട്ടുണ്ട്.

പൊതുവിപണിയിൽ കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിനും, ക്ഷീരകർഷകരെ സഹായിക്കുന്നതിനും 05.06.2024 മുതൽ ചാക്കൊന്നിന് 25 രൂപ മുതൽ 50 രൂപ വരെ മൺസൂൺകാലവിലക്കിഴിവ് നൽകി കൊണ്ടാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്.